**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2807** **14-09-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, മതസ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, മത സ്ഥാപനങ്ങൾ തുടങ്ങിയവയുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശം **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ വൈദ്യുതി ബോർഡ് എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ; | (ബി) | വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത സാഹചര്യത്തിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ചെയ്തു വരുന്നു. വീണ്ടും കുടിശ്ശിക നിലനിൽക്കുന്ന ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം സ്ഥായിയായി വിച്ഛേദിക്കുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയിൽ കൂടി, വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കി, കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.<br><br>കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി യുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശ നിരക്കിൽ |

| | | | |
|---|---|---|---|
| | | | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബി ലിമിറ്റഡ് കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. നിലവിൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് 30.12.2023 വരെ പ്രാബല്യം ഉണ്ട്. |
| (സി) | വൈദ്യുതി ബോർഡ് നടപ്പുവർഷം എത്ര കോടി രൂപയുടെ കമ്മിയാണ് റഗുലേറ്ററി കമ്മീഷൻ മുമ്പാകെ അവതരിപ്പിച്ചത്; ആയതിന് സമർപ്പിച്ച കാരണങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (സി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണയ ചട്ടങ്ങൾ 2021 ന അനുസൃതമായി 2022-23 മുതൽ 2026-27 വരെയുള്ള അഞ്ചു വർഷ കാലയളവിലേക്ക് കെ.എസ്.ഇ.ബി.എൽ. പ്രതീക്ഷിക്കുന്ന വരവ് ചെലവ് കണക്കുകൾ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 31.01.2022-ന് സമർപ്പിച്ചിട്ടുണ്ടായിരുന്നു. ടി കണക്ക് പ്രകാരം നടപ്പ വർഷം (2023-24) 4029.19 കോടി രൂപ റവന്യൂ കമ്മി ഉണ്ടാകുമെന്ന് കണക്കാക്കപ്പെട്ടു.<br><br>2023-24 വർഷത്തെ പ്രതീക്ഷിത വൈദ്യുതി വിൽപ്പനയ്ക്ക് 08 .07 .2019 മുതൽ പ്രാബല്യത്തിലുള്ള താരിഫ് നിരക്കുകൾ പ്രകാരമാണ് താരിഫ് വരുമാനം നിർണ്ണയിച്ചത്. താരിഫ് നിർണ്ണയ ചട്ടങ്ങൾ 2021-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി അനുവദനീയമായ തുക കണക്കാക്കി ചെലവിനങ്ങൾ പെറ്റീഷനിൽ ഉൾകൊള്ളിച്ചു. ഇതിനു പുറമെ പ്രതീക്ഷിത വൈദ്യുതി വാങ്ങൽ ചെലവ്, നിലവിലെ കരാറുകൾ പ്രകാരവും പ്രതീക്ഷിത നിരക്ക് പ്രകാരവും കണക്കാക്കി. 2023 -24 വർഷത്തെ പ്രതീക്ഷിത ആസ്തി വർദ്ധനവു (2214.32 കോടി രൂപ) മൂലമുള്ള പ്രതീക്ഷിത അധിക ചെലവുകളും (തേയ്മാനം, പലിശ, പ്രവർത്തന പരിപാലന ചെലവ് തുടങ്ങിയവ), മുൻകാലത്തേക്ക് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ കമ്മിയുടെ ഒരു ഭാഗവും, മുൻകാല റവന്യൂ കമ്മിയുടെ സംവഹന ചെലവ് , പെൻഷൻ ബോണ്ട് തിരിച്ചടവ്, മുടക്കു മുതലിനുള്ള ലാഭ വിഹിതം (Return on Equity) എന്നിവയും പ്രതീക്ഷിത ചെലവിൽ ഉൾപ്പെടുന്നു. മുൻകാല കണക്കുകൾക്ക് അനുസൃതമായ താരിഫ് ഇതര വരുമാനവും വർഷത്തേക്ക് പ്രതീക്ഷിച്ച സംസ്ഥാനാന്തര വില്പനയും കണക്കിലെടുത്ത ശേഷമാണ് വരുമാന കമ്മി നിർണയിച്ചത്. |
| (ഡി) | കുടിശ്ശിക പിരിച്ചെടുക്കാതെ റഗുലേറ്ററി കമ്മീഷൻ മുമ്പാകെ നിരക്ക് വർദ്ധനയ്ക്കായി കെ. എസ്. ഇ. ബി. സമർപ്പിച്ച രേഖകൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | കുടിശ്ശിക പിരിച്ചെടുക്കലും വൈദ്യുതി നിരക്ക് പരിഷ്കരണവും തമ്മിൽ ബന്ധമില്ല. നിലവിലെ അക്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം (accrual- concept) ഉപഭോക്താക്കൾക്ക് ബില്ല് നൽകുമ്പോൾ തന്നെ മുഴുവൻ തുകയും (ഉപഭോക്താവ് അടച്ചാലും ഇല്ലെങ്കിലും) കെഎസ്ഇബി ലിമിറ്റഡിന്റെ വരുമാനമായി കണക്കാക്കുന്നു. ഇപ്രകാരം ഉള്ള |

| | | | |
|---|---|---|---|
| | | | വരുമാനം കണക്കിലെടുത്താണ് റവന്യൂ കമ്മി നിർണ്ണയിക്കുന്നതും ടി കമ്മി നികത്തുന്നതിലേക്ക് താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും. കുടിശ്ശിക പിരിച്ചെടുക്കുമ്പോൾ ടി തുക വീണ്ടും വരുമാനമായി കണക്കാക്കാൻ ആവില്ല. ഇക്കാരണത്താൽ താരിഫ് വഴി നികത്തപ്പെടേണ്ട റവന്യൂ കമ്മിയേയും താരിഫ് പരിഷ്കരണ ആവശ്യകതയെയും കുടിശ്ശിക പിരിച്ചെടുക്കൽ നേരിട്ട് സ്വാധീനിക്കുന്നില്ല.<br><br>കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021 - ലെ 85(5) പ്രകാരം കണക്കാക്കുന്ന ശരാശരി വൈദ്യുതി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്.<br><br>കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിച്ച അടുത്ത 5 വർഷങ്ങളിലേക്കുള്ള (2022-23 മുതൽ 2026-27 വരെ) പ്രതീക്ഷിത വരവ് ചെലവ് കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ് വൈദ്യുതിയുടെ ശരാശരി വില റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്നത്. വൈദ്യുതിനിയമം 2003, ദേശീയ താരിഫ് നയം, 2016, റെഗുലേറ്ററി കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണയ ചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധനയ്ക്ക് ശേഷമാണ് വരവ് ചെലവ് കണക്കുകൾ നിർണയിച്ച് റവന്യൂ കമ്മി തീരുമാനിക്കുന്നത്. ഇപ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25.06.2022- ൽ പുറപ്പെടുവിച്ച എ.ആർ.ആർ & ഇ.ആർ.സി (ARR&ERC) ഉത്തരവുപ്രകാരം അഞ്ചു വർഷത്തേക്ക് അംഗീകരിച്ച റവന്യൂ കമ്മി പൂർണമായി നികത്തുന്നതിനാണ് കെ.എസ്.ഇ.ബി.എൽ നിരക്ക് പരിഷ്കരണ നിർദേശങ്ങൾ സമർപ്പിച്ചത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, മത സ്ഥാപനങ്ങൾ തുടങ്ങിയവയുടെ കുടിശ്ശിക 31/08/2023 ലെ കണക്ക് പ്രകാരം.**

| | **കുടിശ്ശിക തുക (രൂപയിൽ)** |
|---|---|
| രാഷ്ട്രീയ പാർട്ടികളുടെ MP/MLA ഓഫീസുകൾ (Approved by Ele.Commission) | 82464 |
| രാഷ്ട്രീയ പാർട്ടികളുടെ MP/MLA ഓഫീസുകൾ (Not Approved by Ele.Commission) | 122468 |
| രാഷ്ട്രീയ പാർട്ടി ഓഫീസുകൾ (Approved by Ele.Commission) | 848346 |
| രാഷ്ട്രീയ പാർട്ടി ഓഫീസുകൾ (Not Approved by Ele.Commission) | 165765 |
| മത സ്ഥാപനങ്ങൾ | 38897288 |

**സെക്ഷൻ ഓഫീസർ**